പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *237. 14.12.2015 ന് മറുപടിയ്ക്ക്.

**കൗശൽ കേന്ദ്രം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. അൻവർ സാദത്ത് : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) കൗശൽ കേന്ദ്രം ആരംഭിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) ഗ്രാമീണ യുവാക്കളുടെ വൈദഗ്ധ്യ വികസനത്തിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് കൗശൽ കേന്ദ്ര – കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ. സംസ്ഥാന തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസാണ് (KASE) പദ്ധതി നടപ്പിലാക്കുന്നത്. ഗ്രാമീണ മേഖലയിലെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവ സമൂഹത്തിനു തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക എന്നത് കൂടിയാണ് കൗശൽകേന്ദ്രങ്ങളിലൂടെ KASE ലക്ഷ്യമിടുന്നത്. |
| (സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കൗശൽകേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും ആരംഭിച്ചുകഴിഞ്ഞു. മറ്റ് ജില്ലകളിൽ കൗശൽകേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ